(ബി) എത്ര രൂപ ആയിരുന്നു അനുവദിച്ചത് ;

(സി) ഈ തുക ലാപ്സായിട്ടുണ്ടെങ്കിൽ എന്താണ് കാരണം ;

(ഡി) ഇതിനുത്തരവാദികളായവർക്കെതിരെ ഗവൺമെന്റ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ ബി) ഉണ്ട്. 1983-84 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി വകക്കൊള്ളിച്ചിരുന്നില്ല. 1984-85 മുതൽക്കാണ് ഇത് നടപ്പിലാക്കി തുടങ്ങിയത്.

(സി ഡി) ചോദ്യം ഉദിക്കുന്നില്ല.

അമിത പലിശ ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ

1256. [1714] ശ്രീ. കെ. പി. എ. മജീദ് :

,, നാലകത്ത് സൂപ്പി :

,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അമിത പലിശ ഈടാക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ആർക്കാണ് അധികാരമുള്ളത് ;

(ബി) നിലവിലുള്ള സംവിധാനം ഫലപ്രദമല്ലാത്തതിനാൽ ഇതിനു വേണ്ടി ഒരു പ്രത്യേക സ്കാഡ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) കാർഷികാദായ വിൽപ്പന നികുതി വകുപ്പിലെ സെയിൽസ് ടാക്സ് ആഫീസർമാർക്കാണ് ഈ അധികാരമുള്ളത്.

(ബി) മണിലെൻഡേഴ്സ് ആക്ട് നടപ്പിലാക്കുന്നതിന് കാർഷികാദായ വിൽപ്പന നികുതി വകുപ്പിനുകൂടുതൽ സ്റ്റാഫിനെ അനുവദിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

പീഡിത കയർ സഹകരണസംഘങ്ങൾ

1257. [1715] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

സംസ്ഥാനത്തെ കയർ സഹകരണ സംഘങ്ങളിൽ പീഡിത സംഘങ്ങളെ പുനരുദ്ധീകരിക്കുന്നതിനുള്ള ഗവൺമെന്റ് നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കയർ സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം പീഡിത സഹകരണസംഘങ്ങളെന്നൊരു തരംതിരിവ് നിലവിലില്ല. അംഗീകരിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് വയബിലിറ്റി പൊട്ടൻഷ്യലി വയബിലിറ്റി, നോൺ വയബിലിറ്റി എന്നീ മൂന്നിനങ്ങളായിട്ടാണ് സംഘങ്ങളെ തരംതിരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കോ ഓപ്പറേറ്റീവൈസേഷൻ പദ്ധതി അനുസരിച്ച് വയബിളും പൊട്ടൻഷ്യലി വയബിളും സംഘങ്ങൾക്ക് സഹായം നൽകി ഒരു നിശ്ചിത കാലയളവി നുള്ളിൽ പൊട്ടൻഷ്യലി വയബിൾ സംഘങ്ങളെ കൂടി വയബിളാക്കുക എന്നുള്ളതാണ് ഗവൺമെൻറിൻെറ നയം. നോൺ വയബിൾ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

വ്യവസായികൾക്ക് പുതിയ ഡവലപ്മെൻറ് പ്ലോട്ടുകൾ

1258. [1718] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായികൾക്ക് പുതിയ ഡവലപ്മെൻറ് പ്ലോട്ടുകൾ ഉണ്ടാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) കഴിഞ്ഞ വർഷം ഡവലപ്മെൻറ് പ്ലോട്ടുകൾ ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കഴിഞ്ഞ വർഷം കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ അണ്ടൂർ വില്ലേജിൽ ഒരു വ്യവസായ വികസന പ്ലോട്ടിനു വേണ്ടി സ്ഥലമെടുത്തിട്ടുണ്ട്.

മഞ്ചേരിയിലെ ഫംഗ്ഷണൽ എസ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസ്

1259. [1720] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ തുടങ്ങുമെന്ന് പറഞ്ഞിരുന്ന ഫംഗ്ഷണൽ എസ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസ് ഈ വർഷം തുടങ്ങുമോ ;

(ബി) അതിൻെറ സ്ഥലമെടുപ്പ് പൂർത്തിയായോ ?

ഉത്തരം

(എ,ബി) മഞ്ചേരിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫംഗ്ഷണൽ എസ്റേറ്റ് ഫോർ റബ്ബർ ഇൻഡസ്ട്രീസിനുവേണ്ടി സ്ഥലമെടുക്കാനുള്ള നടപടികൾ എടുത്തുവരുന്നു. സ്ഥലമെടുപ്പ് കഴിഞ്ഞാൽ എത്രയും വേഗം അതിൻെറ പണി തുടങ്ങാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly